പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. * 375 | 17.12.2014- ൽ മറുപടിക്ക് |
|---|---|

ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവർക്ക് ലൈസൻസ്/ രജിസ്ട്രേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി<br>" ടി. വി. രാജേഷ്<br>" വി. ശിവൻകുട്ടി<br>" എ. എം. ആരിഫ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവരെല്ലാം ലൈസൻസ്/രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവരെല്ലാം തന്നെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസോ/രജിസ്ട്രേഷനോ കരസ്ഥമാക്കിയിട്ടില്ല. എന്നാൽ ആയത് എടുപ്പിക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 35,000 ലൈസൻസും 1,70,000 രജിസ്ട്രേഷനും നല്കിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസ്/രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കുന്നതിന്റെ ഭാഗമായി അക്ഷയകേന്ദ്രങ്ങളുടെ സേവനംകൂടി ഉൾപ്പെടുത്തി ഓൺലൈൻ ലൈസൻസ് / രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | സ്ഥാപനങ്ങളിൽ പരിശോധന നടത്താതെയാണ് ലൈസൻസ്/രജിസ്ട്രേഷൻ നൽകുന്നതെന്നതിനാൽ ഇവ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കാൻ എന്ത് മാർഗ്ഗമാണുള്ളത്; | ബി) | ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, വിതരണം, വിപണനം എന്നീ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തി വരുന്നുണ്ട്. നിലവിൽ മറ്റേതെങ്കിലും ലൈസൻസോ രജിസ്ട്രേഷനോ ഉള്ളവർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന് പരിശോധന നിർബന്ധമാക്കിയിട്ടില്ല. എന്നാൽ പുതിയ സ്ഥാപനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നൽകുന്നതിനുമുമ്പ് പരിശോധന നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാന വ്യാപകമായി നടത്തുന്ന പരിശോധനയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നിബന്ധനകൾ ഭക്ഷ്യമേഖലയിൽ പ്രവർത്തിക്കുന്നവർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. |
| സി) | റെസ്റ്റാറന്റുകൾ, ബേക്കറികൾ തുടങ്ങിയ പാചകം ചെയ്ത ഭക്ഷണം വില്ക്കുന്ന സ്ഥാപനങ്ങളും പായ്ക്ക് ചെയ്തും അല്ലാതെയും ആഹാരപദാർത്ഥങ്ങൾ വില്ക്കുന്ന കടകളും ആഹാരയോഗ്യമല്ലാത്തതും മായംകലർന്നതുമായ ആഹാരപദാർത്ഥങ്ങൾ നൽകുന്നത് കൂടുതൽ വ്യാപകമാകുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ പരിഹാര നിർദ്ദേശങ്ങളാണ് പരിഗണിച്ചുവരുന്നതെന്നു അറിയിക്കുമോ? | സി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാന വ്യാപകമായി നടത്തുന്ന പരിശോധന കൂടാതെ, സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് റെസ്റ്റാറന്റുകൾ, ബേക്കറികൾ തുടങ്ങിയ പാചകം ചെയ്ത ഭക്ഷണം വിൽക്കുന്ന സ്ഥാപനങ്ങളും പായ്ക്ക് ചെയ്തും അല്ലാതെയും ആഹാരപദാർത്ഥങ്ങൾ വില്ക്കുന്ന കടകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട് ഇതിനാൽ തന്നെ ആഹാരയോഗ്യമല്ലാത്തതും മായംകലർന്നതുമായ ആഹാരപദാർത്ഥങ്ങൾ നൽകുന്നത് ക്രിയാത്മകമായി തടയുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ നിലവിലുണ്ടായിരുന്ന ഭക്ഷ്യസുരക്ഷാ ഓഫീസുകളുടെ അപര്യാപ്തത കണക്കിലെടുത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസ് എന്ന രീതിയിൽ പുതിയതായി 80 ഭക്ഷ്യസുരക്ഷാ ഓഫീസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടങ്ങിയിട്ടുള്ളതും ആയതുൾപ്പെടെ നിലവിലുള്ള എല്ലാ ഒഴിവുകളും പി എസ് സി മുഖാന്തിരം നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മൂന്ന് അനലറ്റിക്കൽ ലാബുകളും എൻഎബിഎൽ അക്രിഡിറ്റേഷൻ നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ സംസ്ഥാനത്ത് ഭക്ഷ്യവസ്തുകളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി പുതിയതായി മൂന്ന് മൊബൈൽ അനലറ്റിക്കൽ ലബോറട്ടറി തുടങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ അവസാനഘട്ടത്തിലാണ്. ആഹാരയോഗ്യമല്ലാത്തതും മായംകലർന്നതുമായ ആഹാരപദാർത്ഥങ്ങൾ സംബന്ധിച്ച പരാതികളിൽ അറിയിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ഒരു ടോൾ ഫ്രീ നമ്പർ പ്രവർത്തിക്കുന്നുണ്ട് (1800 425 1125). |

**സെക്ഷൻ ഓഫീസർ**